**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2762** **13-02-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കുറ്റിക്കാട്ടൂരിൽ കെ.എസ്.ഇ.ബി. സബ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കുറ്റിക്കാട്ടൂരിൽ കെ.എസ്.ഇ.ബി. യുടെ ഒരു സബ് സെന്റർ ആരംഭിക്കുന്നതിന് ഉത്തരവായത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ കുറ്റിക്കാട്ടൂരിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ സബ്ബ് സെന്റർ ആരംഭിക്കുന്നതിന് 06.02.2021-ൽ ഉത്തരവായിരുന്നു. |
| (ബി) | പ്രസ്തുത സബ് സെന്റർ ആരംഭിക്കുന്നതിൽ നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ? | (ബി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകികൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃസേവന കേന്ദ്രവും 1912 എന്ന |

| | | | |
|---|---|---|---|
| | | | ടോൾ ഫ്രീ നമ്പറും, WhatsApp വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 എന്ന ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി “ സേവനം വാതിൽപ്പടിയിൽ” (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>ആയതിനാൽ കോഴിക്കോട് ജില്ലയിൽ കുറ്റിക്കാട്ടൂരിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ സബ്ബ് സെന്റർ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ